ലേഖനം ● ഡോ. അബ്ദുസ്സലാം വാണിയമ്പലം

## ഇസ്‌ലാമികപ്രസ്ഥാനങ്ങള്‍ പുതിയ സാഹചര്യത്തില്‍ - 2

# വിജയകരമായ രാഷ്ട്രീയ പരീക്ഷണങ്ങള്‍

കുറച്ചുകൂടി അയവുള്ളതും അതിനാല്‍ തന്നെ പൊതുസമൂഹത്തിന് എളുപ്പത്തില്‍ സഹകരിക്കാനാവുന്നതും എന്നാല്‍ പ്രസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ളതും എന്നതാണ് പൊതുവേദിയുടെ പ്രത്യേകത. പൊതുവേദി വഴി ഇസ്‌ലാമിക പ്രസ്ഥാനം ഉയര്‍ത്തിപ്പിടിക്കുന്ന പൊതുമൂല്യങ്ങള്‍ക്കുവേണ്ടി വലിയൊരു ജനാവലിയെ കൂടെ നിര്‍ത്തി പോരാടാനാവും. പൊതുവേദിയുടെ ഗുണഭോക്താക്കള്‍ അന്തിമ വിശകലനത്തില്‍ ഇസ്‌ലാമിസ്റ്റുകളായിരിക്കും.

**കൂടുതല്‍** ജനകീയവത്കരണത്തിന്റെ ഭാഗമായി ഇസ്‌ലാമിക പ്രസ്ഥാനങ്ങള്‍ ഇന്നു ബഹുജനവേദികള്‍ രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്. തുര്‍ക്കിയിലെ ജസ്റ്റിസ് & ഡവലപ്‌മെന്റ് പാര്‍ട്ടി, ജോര്‍ദാനിലെ ഇസ്‌ലാമിക് ആക്ഷന്‍ ഫ്രണ്ട്, യമനിലെ അല്‍ ഇസ്‌ലാഹ്, ഇറാഖിലെ ജബ്ഹത്തുത്തവാഫുഖ്, ഇന്തോനേഷ്യയിലെ ജസ്റ്റിസ് & വെല്‍ഫയര്‍ പാര്‍ട്ടി, അള്‍ജീരിയയിലെ ഹംസ്, മൊറോക്കോയിലെ ജസ്റ്റിസ് & ഡവലപ്‌മെന്റ് പാര്‍ട്ടി, കുവൈത്തിലെ ഇസ്‌ലാമിക് കോണ്‍സ്റ്റിറ്റ്യൂഷനല്‍ മൂവ്‌മെന്റ് തുടങ്ങിയവ ഉദാഹരണം. ഇസ്‌ലാമിസ്റ്റുകളെ മാത്രമല്ല, പൊതുപ്രശ്‌നങ്ങളില്‍ സഹകരിക്കാന്‍ തയാറുള്ള എല്ലാവരെയും ഉള്‍ക്കൊള്ളുന്ന വേദികളാണവ. ഇസ്‌ലാമിക പ്രസ്ഥാനങ്ങള്‍ അവയുടെ രാഷ്ട്രീയ പ്രവര്‍ത്തനങ്ങളുടെ മേല്‍വിലാസമായി ഉപയോഗിക്കുന്നത് ഈ പൊതുവേദികളെയാണ്. അതേയവസരം പ്രസ്ഥാനഘടന പഴയ സ്വഭാവത്തില്‍ വേറെത്തന്നെ നിലനിര്‍ത്തുന്നുമുണ്ട്.

കുറച്ചുകൂടി അയവുള്ളതും അതിനാല്‍ തന്നെ പൊതുസമൂഹത്തിന് എളുപ്പത്തില്‍ സഹകരിക്കാനാവുന്നതും എന്നാല്‍ പ്രസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ളതും എന്നതാണ് പൊതുവേദിയുടെ പ്രത്യേകത. പൊതുവേദി വഴി ഇസ്‌ലാമിക പ്രസ്ഥാനം ഉയര്‍ത്തിപ്പിടിക്കുന്ന പൊതുമൂല്യങ്ങള്‍ക്കുവേണ്ടി വലിയൊരു ജനാവലിയെ കൂടെ നിര്‍ത്തി പോരാടാനാവും. പൊതുവേദിയുടെ ഗുണഭോക്താക്കള്‍ അന്തിമ വിശകലനത്തില്‍ ഇസ്‌ലാമിസ്റ്റുകളായിരിക്കും. വേദി വേറെത്തന്നെയൊരു ഘടനയായതിനാല്‍ അതിന്റെ ദൂഷ്യങ്ങളില്‍നിന്ന് പ്രസ്ഥാനത്തെ അകറ്റിനിര്‍ത്തുകയും ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഭദ്രമായ ഘടനക്ക് പോറലേല്‍ക്കാതെ സൂക്ഷിക്കുകയും ചെയ്യാം. എല്ലാറ്റിനും പുറമെ, പ്രസ്ഥാനങ്ങളെ അടിച്ചമര്‍ത്തി നശിപ്പിക്കുന്ന സ്വേഛാധിപത്യ ഭരണകൂടങ്ങളുള്ളേടത്ത് പിടിച്ചുനില്‍ക്കാനുള്ള മാധ്യമങ്ങള്‍ കൂടിയാണ് പൊതുവേദികള്‍.

പൊതുവേദി എന്ന പരീക്ഷണത്തിന്റെ ഉപജ്ഞാതാക്കളിലൊരാളാണ് മൊറോക്കോയിലെ ഇസ്‌ലാമിസ്റ്റ് നേതാവ് മുഹമ്മദുല്‍ ഹംദാവി. പ്രസ്ഥാനവും പൊതുവേദിയും തമ്മിലുള്ള സഹകരണവും വ്യത്യസ്തതയും, ഹറക്കത്തുത്തൗഹീദ് വല്‍ ഇസ്‌ലാഹ് എന്ന പ്രസ്ഥാനത്തെയും ജസ്റ്റിസ് & ഡവലപ്‌മെന്റ് പാര്‍ട്ടി എന്ന അതിന്റെ പൊതുവേദിയെയും മുമ്പില്‍ വെച്ച് അദ്ദേഹം വിശദീകരിക്കുന്നതിങ്ങനെയാണ്: രണ്ടും തമ്മിലുള്ള ബന്ധം പങ്കാളിത്തത്തിന്റേതാണ്. രണ്ടിന്റെയും സ്രോതസ്സ് ഇസ്‌ലാം തന്നെ. പക്ഷേ അഭിസംബോധനയുടെ ഭാഷ വ്യത്യസ്തമാണ്. ഒരേയവസരം പ്രസ്ഥാനത്തിലും പൊതുവേദിയിലും അംഗങ്ങളായിരിക്കുന്നവരുണ്ടാകും. പക്ഷേ ഒന്നിന്റെ ആവര്‍ത്തനമാകരുത് മറ്റേത് എന്നു ഞങ്ങള്‍ ആഗ്രഹിക്കുന്നു. ഹറകത്തുത്തൗഹീദ് വല്‍ ഇസ്‌ലാഹ് തര്‍ബിയത്തിന്റെയും ദഅ്‌വത്തിന്റെയും മേഖലകളിലാണ് ഊന്നുന്നത്. എന്നാല്‍ വളരെ പ്രധാനപ്പെട്ട രാഷ്ട്രീയ പ്രശ്ന

ങ്ങൾ അതിന്റെ വിഷയങ്ങളാണ്. പക്ഷേ, ദൈനംദിന പൊതുകാര്യങ്ങൾക്കും സാധാരണ സംഘടനാ പ്രശ്നങ്ങൾക്കും അതു സമയം കളയില്ല. എന്നല്ല, പ്രസ്ഥാനത്തിൽ സംസ്കരണ പ്രധാനമായ പ്രവർത്തനങ്ങൾ നടത്തുന്നവരെ, രാഷ്ട്രീയ പ്രവർത്തനത്തിനോ തെരഞ്ഞെടുപ്പിൽ മത്സരിക്കാനോ അനുവദിക്കാറില്ല. മറുവശത്ത്, ജസ്റ്റിസ് & ഡവലപ്മെന്റ് പാർട്ടി ഒരു രാഷ്ട്രീയ പാർട്ടിയാണ്. രാജ്യത്തിന്റെ രാഷ്ട്രീയ സമസ്യകൾക്ക് ഉത്തരം നൽകും വിധം കൃത്യമായ പദ്ധതികളുണ്ടതിന്. (1)

ഇസ്ലാമിനെ ഇടുങ്ങിയ പ്രസ്ഥാനവൃത്തത്തിൽ പരിമിതപ്പെടുത്തി നിർത്തുന്നതിനുപകരം അതിനെ വമ്പിച്ച ബഹുജന സംരംഭമാക്കിമാറ്റുന്നതിൽ, മേൽ പറഞ്ഞതുപോലുള്ള വേദികൾ അതത് രാജ്യങ്ങളിൽ വമ്പിച്ച പങ്കു വഹിച്ചതായി കാണാം. ഇസ്ലാമിക പ്രസ്ഥാനങ്ങൾ സ്വീകരിച്ച ഈ പുതിയ സ്ട്രാറ്റജി വിജയിച്ചുവെന്നു ചുരുക്കം.

## രാഷ്ട്രീയം

ജനകീയ സംരംഭങ്ങളായി മാറി, ജനാധിപത്യ വ്യവസ്ഥിതിയെയും തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തെയും തങ്ങളുടെ ലക്ഷ്യസാക്ഷാത്കാരത്തിനായി ഉപയോഗപ്പെടുത്തുന്നതിൽ ഇസ്ലാമിക പ്രസ്ഥാനങ്ങൾ ബഹുദൂരം മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നു. 'എല്ലാമില്ലെങ്കിൽ ഒന്നും വേണ്ട' എന്ന തത്ത്വത്തിൽനിന്ന് 'ഒന്നുമില്ലാതിരിക്കുന്നതിനേക്കാൾ നല്ലത് വല്ലതുമുണ്ടാകുന്നതാണ്' എന്ന പ്രായോഗികതയിലേക്ക് അവ മാറുന്നതാണ് രാഷ്ട്രീയത്തിലെ പുതിയ പ്രവണത. നിലവിലുള്ള അനിസ്ലാമിക വ്യവസ്ഥിതികളിൽ, താത്ത്വിക യുദ്ധം നടത്തി അല്ലാഹുവിന്റെ നിയമനിർമാണാധികാരം സ്ഥാപിതമാവുന്നതുവരെ തെരഞ്ഞെടുപ്പു രാഷ്ട്രീയത്തിൽ തങ്ങൾക്ക് പ്രത്യേകിച്ചൊന്നും ചെയ്യാനില്ല എന്ന നിലപാട് ഇന്നു പ്രസ്ഥാനങ്ങൾക്കില്ല. അത്തരമൊരു താത്ത്വികയുദ്ധം കൊണ്ടുമാത്രം ഇസ്ലാമിക വ്യവസ്ഥിതിയെ കൊണ്ടുവരാനാവില്ല, പ്രത്യുത നിലവിലുള്ള അനിസ്ലാമിക വ്യവസ്ഥിതിയിൽ തന്നെ ലഭ്യമായ സ്വാതന്ത്ര്യമുപയോഗിച്ച് ക്രമാനുഗതമായി അതിനുവേണ്ടി പ്രയത്നിക്കുകയായിരിക്കും ബുദ്ധി എന്നു പ്രസ്ഥാനങ്ങൾ മനസ്സിലാക്കുന്നു. ജനാധിപത്യ വ്യവസ്ഥിതികളിൽനിന്ന് അകലം പാലിക്കുകയല്ല, അവയെ തങ്ങളുടെ അജണ്ട മുമ്പിൽ വെച്ച് ഉപയോഗപ്പെടുത്തുകയാണ് വേണ്ടത് എന്ന് അവ കരുതുന്നു. ഇസ്ലാമിക വ്യവസ്ഥിതി കൊണ്ടുവരാൻ മാത്രമല്ല, സാക്ഷാൽ ഇസ്ലാമിക പ്രബോധനം ഫലപ്രദമായി നിർവഹിക്കണമെങ്കിൽ പോലും ഇക്കാലത്ത് രാഷ്ട്രീയത്തിൽ സ്വാധീനം അനിവാര്യമാണ്. മുമ്പെന്നെത്തേക്കാളും എല്ലാ രാജ്യങ്ങളിലും രാഷ്ട്രീയം സമൂഹത്തിനു മേൽ അത്രമേൽ സ്വാധീനമുള്ള ഘടകമായിരിക്കുന്നു. സമൂഹത്തെ ഒന്നടങ്കം അതു വരിഞ്ഞുമുറുക്കിയിട്ടുണ്ട്. രാഷ്ട്രീയ നേതാക്കളാണ്, ഫലത്തിൽ സമൂഹത്തെ നയിക്കുന്നത്. സമൂഹമാവട്ടെ പുതിയ കാലഘട്ടത്തിൽ, തത്ത്വങ്ങളേക്കാളുപരി പ്രയോഗത്തിനാണ് പ്രാധാന്യം കൽപിക്കുന്നത്. ആരുടെയെങ്കിലും തത്ത്വങ്ങളെയല്ല, അവരുടെ പ്രായോഗികപ്രവർത്തനങ്ങളെയാണ് ജനങ്ങൾ നിരീക്ഷിക്കുന്നത്.

യൂസുഫുൽ ഖറദാവി, ഫൈസ്വൽ മൗലവി, സൽമാനുൽ ഔദ, ശൈഖ് അബ്ദുല്ലാഹിബ്നു ബയ്യ പോലുള്ള ആധുനിക ഇസ്ലാമിക പണ്ഡിതന്മാരുടെ ഫത്വകളാണ് ഈദൃശ ചിന്തകളെ ത്വരിപ്പിച്ചത്. പ്രസ്ഥാനങ്ങളുടെ പുതിയ കാഴ്ചപ്പാടിന് അവർ ഇസ്ലാമിക ചട്ടക്കൂട് നൽകുകയും ഫിഖ്ഹുൽ ഇൻതിഖാബാത് (തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെ കർമശാസ്ത്രം) എന്ന പേരിൽ ഒരു വിജ്ഞാനശാഖ തന്നെ വികസിപ്പിച്ചുകൊണ്ടുവരികയും ചെയ്തിരിക്കുന്നു. മുസ്ലിം ഭൂരിപക്ഷരാഷ്ട്രമാകട്ടെ ന്യൂനപക്ഷരാഷ്ട്രമാകട്ടെ, തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തെ ഉപയോഗപ്പെടുത്തുകയാണ് വേണ്ടത് എന്നതാണ് അവരുടെ ഫത്വകളുടെ ചുരുക്കം.

മേൽ കാരണങ്ങളാൽ സ്വാതന്ത്ര്യമുള്ളേടത്തൊക്കെയും തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തെ ഉപയോഗപ്പെടുത്താത്ത ഒരൊറ്റ ഇസ്ലാമിക പ്രസ്ഥാനവും ഇന്നില്ല എന്നുതന്നെ പറയാം.

തെരഞ്ഞെടുപ്പ് കൃത്രിമത്തിനു പേരുകേട്ട ഈജിപ്തിൽ ബൂത്തുകൾക്ക് കാവൽ നിന്നും കോടതിയെ കൊണ്ട് ഇടപെടുവിച്ചുമൊക്കെ -പ്രവർത്തന സ്വാതന്ത്ര്യമില്ലാഞ്ഞിട്ടും- തെരഞ്ഞെടുപ്പിൽ അവിടത്തെ ഇഖ്വാൻ വളരെ സാഹസികമായി പങ്കെടുക്കുകയും 88 സീറ്റുകൾ നേടി മുഖ്യ പ്രതിപക്ഷമാവുകയും ചെയ്തു. മൊറോക്കോവിലെ ഇസ്ലാമിസ്റ്റുകളുടെ പൊതുവേദിയായ ജസ്റ്റിസ് & ഡവലപ്മെന്റ് പാർട്ടിക്ക് പാർലമെന്റിൽ 46 സീറ്റുകളുണ്ട്. തുർക്കിയിൽ ഉർദുഗാന്റെ ജസ്റ്റിസ് & ഡവലപ്മെന്റ് പാർട്ടി അധികാരത്തിൽ തിരിച്ചെത്തിയത് 340 സീറ്റുകളോടെയാണ്. അൾജീരിയയിൽ ഹംസിന് 52 സീറ്റുണ്ട്. യമനിൽ അൽ ഇസ്ലാഹിന് അറുപതോളം സീറ്റുകളുണ്ട്. ജോർദാനിൽ കഴിഞ്ഞ പാർലമെന്റിൽ 17 സീറ്റുണ്ടായിരുന്ന ജബ്ഹത്തുൽ അമലിന് ഇപ്പോൾ 6 സീറ്റുണ്ട്. ഇന്തോനേഷ്യയിലെ ഇസ്ലാമിസ്റ്റുകളുടെ ജസ്റ്റിസ് & വെൽഫയർ പാർട്ടിക്ക് പാർലമെന്റിൽ 54 അംഗങ്ങളുണ്ട്. പ്രാദേശിക അസംബ്ലികളിൽ 157 അംഗങ്ങളും മുൻസിപ്പാലിറ്റികളിൽ 900 അംഗങ്ങളുമുണ്ട്. കുവൈത്തിൽ പകുതിയിലധികം പാർലമെന്റംഗങ്ങളും ഇസ്ലാമിസ്റ്റുകളാണ്. ഫലസ്തീൻ അതോറിറ്റിയെയും അവിടത്തെ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തെയും പൂർണമായും പി.എൽ.ഒക്ക് വിട്ടുകൊടുത്ത് സായുധ പോരാട്ടത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന ഹമാസ് പോലും അവസാനം തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചതും, 88 സീറ്റോടെ അധികാരം പിടിച്ചടക്കിയതും ഈ ഗണത്തിൽ ശ്രദ്ധേയമായ സംഭവമാണ്. ഭരണം കുത്തകയാക്കി വെച്ചിരുന്ന പി.എൽ.ഒയുടെ അധികാര ദുർവിനിയോഗവും അഴിമതിയും എല്ലാ സീമകളും ലംഘിച്ചപ്പോൾ പൊതുസമൂഹത്തിന്റെ ശക്തമായ സമ്മർദത്തിനു വഴങ്ങി, ഇലക്ഷൻ രാഷ്ട്രീയത്തിൽ പങ്കെടുക്കാൻ തീരുമാനിക്കുകയായിരുന്നു ഹമാസ്.

യൂറോപ്പ്, അമേരിക്ക പോലുള്ള മുസ്ലിം ന്യൂനപക്ഷ രാഷ്ട്രങ്ങളിലും ഇസ്ലാമിസ്റ്റുകൾ രാഷ്ട്രീയത്തിൽ സജീവമായിക്കൊണ്ടിരിക്കുകയാണ്. സെപ്റ്റംബർ 11-ന് ശേഷം അതിന്റെ അനിവാര്യത അവർക്കു കൂടുതൽ ബോധ്യപ്പെട്ടു. വോട്ടുകൾ സമാഹരിച്ചും സമ്മർദശക്തിയായും താരതമ്യേന മുസ്ലിം അനുകൂല നിലപാടുകളെടുക്കുന്ന പാർട്ടികളെ പിന്തുണച്ചും അവരുടെ ബാനറുകളിൽ മത്സരിക്കാനാവുമെങ്കിൽ അങ്ങനെ ചെയ്തുമൊക്കെ അവർ തങ്ങളുടെ ദൗത്യം നിർവഹിച്ചുകൊണ്ടിരിക്കുന്നു. ശൈഖ് യൂസുഫുൽ ഖറദാവിയുടെ ഇവ്വിഷയകമായ ഫത്വ ശ്രദ്ധേയമാണ്:

''ഏതു മുസ്ലിം ന്യൂനപക്ഷ രാഷ്ട്രത്തിലും മുസ്ലിംകൾക്ക്, നിയമനിർമാണസഭകളിലും തദ്ദേശ സ്വയംഭരണ സഭകളിലും തങ്ങളെ പ്രതിനിധീകരിക്കുന്ന, തങ്ങളുടെ അവകാശങ്ങളെ പ്രതിനിധീകരിക്കുന്ന വോട്ടുകളുണ്ടാവേണ്ടതുണ്ട്. എങ്കിലേ അവരോട് അക്രമം കാണി

ക്കുന്ന നിയമം നടക്കാതിരിക്കുകയുള്ളൂ. അല്ലാഹു നിർബന്ധമാക്കിയത് നിർവഹിക്കുന്നതിന് അവർക്ക് തടസ്സമില്ലാതിരിക്കുകയുള്ളൂ. ഇസ്‌ലാം വിലക്കിയത് അവർക്ക് ചെയ്യേണ്ടിവരുന്ന സാഹചര്യം ഉണ്ടാവാതിരിക്കുകയുള്ളൂ.

ഇത്തരം സഭകളിൽ, തെരെഞ്ഞെടുക്കപ്പെട്ട മുസ്‌ലിം അംഗങ്ങളുണ്ടാവുന്നത് ഗുണകരമാണ്. ന്യൂനപക്ഷമെന്ന നിലക്ക് അവർക്ക് ലഭിക്കേണ്ട അവകാശങ്ങൾക്ക് വേണ്ടി വാദിക്കാനും അവരെ സംരക്ഷിക്കാനുമായി പ്രവർത്തിക്കുന്ന അംഗങ്ങൾ, എക്കാലത്തും നീതിയെയും സ്വാതന്ത്ര്യത്തെയും പിന്തുണക്കുന്ന നിഷ്പക്ഷരായ ആളുകളെ തങ്ങളോടൊപ്പം നിർത്താൻ ശ്രമിക്കണം.

ഈ രംഗത്ത് നമുക്ക് വെളിച്ചം നൽകുന്ന ഒരു കൂട്ടം ശർഈ തത്ത്വങ്ങളുണ്ട്:

1. *നിർബന്ധമായൊരു കാര്യം നിർവഹിക്കാൻ നിർബന്ധമായതെന്തോ അതും നിർബന്ധകാര്യമായി ഗണിക്കപ്പെടും.* മുസ്‌ലിംകളുടെ മതപരവും സാംസ്കാരികവും മറ്റുമായ അവകാശങ്ങൾ നേടിയെടുക്കാൻ രാഷ്ട്രീയ പങ്കാളിത്തവും തെരെഞ്ഞെടുപ്പ് പ്രവേശനവും ആവശ്യമാണെങ്കിൽ അതവർക്ക് നിർബന്ധമായിത്തീരുന്നു.

2. *കാര്യങ്ങളിൽ അവയുടെ ലക്ഷ്യങ്ങളാണ് പരിഗണിക്കപ്പെടേണ്ടത്.* 'പ്രവർത്തനങ്ങൾ അവയുടെ ഉദ്ദേശ്യശുദ്ധിയെ ആസ്പദിച്ചു നിൽക്കുന്നതാണ്. ഓരോരുത്തർക്കും അവരുദ്ദേശിച്ചതെന്തോ അതു ലഭിക്കും' (ബുഖാരി) എന്ന ഹദീസിന്റെ അടിസ്ഥാനത്തിലുള്ള, സർവാംഗീകൃതമായ തത്ത്വമാണിത്. രാഷ്ട്രീയ പങ്കാളിത്തം കൊണ്ടുദ്ദേശിക്കുന്നത് മുസ്‌ലിംകളുടെ അവകാശങ്ങളും മതസ്വാതന്ത്ര്യവും സാംസ്കാരിക വ്യക്തിത്വവും പൊതുതാൽപര്യവും സംരക്ഷിക്കുക എന്നതാണെങ്കിൽ അത് അല്ലാഹുവിങ്കൽ പ്രതിഫലാർഹവും മുസ്‌ലിംകൾക്കിടയിൽ പ്രശംസനീയവുമാണ്.

3. *തിന്മകളിലേക്കുള്ള മാർഗങ്ങൾ തടയുക.* ന്യൂനപക്ഷം രാഷ്ട്രീയത്തിൽ നിന്നു വിട്ടുനിൽകുന്നത് അവരുടെ അസ്തിത്വത്തെ അപകടപ്പെടുത്തുകയും അവരെ പ്രാന്തവത്കരിക്കുകയും കുഴപ്പങ്ങളിലകപ്പെടുത്തുകയും ചെയ്യുമെങ്കിൽ അതിനുവഴിവെക്കുന്ന മാർഗങ്ങൾക്ക് തടയിടേണ്ടത് ആവശ്യമാണ്.

4. *അനിവാര്യ സാഹചര്യങ്ങൾ നിഷിദ്ധങ്ങളെ അനുവദനീയമാക്കും.* ജനാധിപത്യരാജ്യങ്ങളിൽ തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ചിലരുണ്ടായിരിക്കേണ്ടത് മുസ്‌ലിം സമൂഹത്തിന് അനിവാര്യമാകുമ്പോൾ, ഇസ്‌ലാമിനു വിരുദ്ധമായ കാര്യങ്ങളുൾകൊള്ളുന്ന ഭരണഘടനയെ ആദരിക്കാമെന്ന പ്രതിജ്ഞ ചെയ്യുന്നതുപോലുള്ള നിഷിദ്ധങ്ങൾ ആ അനിവാര്യത മൂലം നിഷിദ്ധങ്ങളല്ലാതാവുന്നു.

'നിങ്ങൾക്ക് അവൻ നിഷിദ്ധമാക്കിയത് ഇവ മാത്രമാണ്. ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്. എന്നാൽ നിർബന്ധിതാവസ്ഥയിലുള്ളവന് അതിൽ ഇളവുണ്ട്. പക്ഷേ, ഇത് നിയമലംഘനം ആഗ്രഹിച്ചാവരുത്, അത്യാവശ്യത്തിനധികവുമാവരുത്. അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമല്ലോ' (*അൽബഖറ* 173).

5. *അൽ മസാലിഹുൽ മുർസല.* ശറഅ് തള്ളുകയോ കൊള്ളുകയോ ചെയ്യാത്തതും എന്നാൽ മനുഷ്യ ബുദ്ധിക്ക് സ്വീകാര്യമായി തോന്നുന്നതും മുസ്‌ലിം സമൂഹത്തിന് പ്രയോജനകരവുമായ താൽപര്യങ്ങളാണ് അൽ മസ്വാലിഹുൽ മുർസല എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഖണ്ഡിതപ്രമാണങ്ങളുമായി അതേറ്റുമുട്ടരുതെന്നേയുള്ളൂ. പല സ്വഹാബിമാരും പല കാര്യങ്ങളിലും ഇത് പരിഗണിച്ചിരുന്നു.

ഈ സാഹചര്യത്തിൽ, മുസ്‌ലിംകൾ തങ്ങളുടെ ഭൗതികവും സംഘപരവുമായ താൽപര്യങ്ങൾ സംരക്ഷിക്കാനും തങ്ങളെ ബാധിക്കുന്ന കുഴപ്പങ്ങളും അവകാശനിഷേധങ്ങളും തടയുന്നതിനുമായി രാഷ്ട്രീയത്തിൽ പങ്കെടുക്കുന്നതാണ് അഭികാമ്യം എന്നാണ് നമ്മുടെ അഭിപ്രായം. പ്രത്യേകിച്ചും രാഷ്ട്രീയത്തെ അവർ വേണ്ടെന്നു വെച്ചാലും അതവരെ വെറുതെ വിടാൻ പോവുന്നില്ല.

ഭരണഘടനയും നിയമവും അനുവദിക്കുമെങ്കിൽ മുസ്‌ലിംകൾക്ക് സ്വതന്ത്രമായി ഒരു പാർട്ടി തന്നെയുണ്ടാക്കാം, അതിനുള്ള ശേഷി അവർക്കുണ്ടെങ്കിൽ. അതുമുഖേന അവരുടെയും മറ്റുള്ളവരുടെയും അവകാശങ്ങൾക്കുവേണ്ടി പൊരുതാം.

അവരുടെ ദർശനത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ,

താത്ത്വിക യുദ്ധം നടത്തി അല്ലാഹുവിന്റെ നിയമനിർമാണാധികാരം സ്ഥാപിതമാവുന്നതുവരെ തെരഞ്ഞെടുപ്പു രാഷ്ട്രീയത്തിൽ തങ്ങൾക്ക് പ്രത്യേകിച്ചൊന്നും ചെയ്യാനില്ല എന്ന നിലപാട് ഇന്നു പ്രസ്ഥാനങ്ങൾക്കില്ല. അത്തരമൊരു താത്ത്വികയുദ്ധം കൊണ്ടുമാത്രം ഇസ്‌ലാമിക വ്യവസ്ഥിതിയെ കൊണ്ടുവരാനാവില്ല, പ്രത്യുത നിലവിലുള്ള അനിസ്‌ലാമിക വ്യവസ്ഥിതിയിൽ തന്നെ ലഭ്യമായ സ്വാതന്ത്ര്യമുപയോഗിച്ച് ക്രമാനുഗതമായി അതിനുവേണ്ടി പ്രയത്നിക്കുകയായിരിക്കും ബുദ്ധി എന്നു പ്രസ്ഥാനങ്ങൾ മനസ്സിലാക്കുന്നു.

പടിഞ്ഞാറൻ അനുഭവങ്ങളെ പ്രയോജനപ്പെടുത്തിയ ഒരു പ്രോഗ്രാം ജനങ്ങൾക്ക് മുമ്പാകെ സമർപ്പിക്കാം. ഇത്തരം ഒരു പാർട്ടിയിൽ മുസ്‌ലിംകളല്ലാത്തവർക്കും ചേർന്ന് പ്രവർത്തിക്കുന്നതിന് വിരോധമില്ല. ഇസ്‌ലാമിക വ്യവസ്ഥയിൽ ക്ഷേമവും ഐശ്വര്യവും എല്ലാവർക്കുമുള്ളതാണ്, മുസ്‌ലിംകൾക്കെന്ന പോലെ അമുസ്‌ലിംകൾക്കും"[2]

(തുടരും)

**കുറിപ്പുകൾ**

1) *അൽ മുജ്തമഅ്* വാരിക ലക്കം 1706, 17/6/2006
2) അദ്ദീനുവസ്സിയാസഃ - ഡോ. യുസുഫുൽ ഖറദാവി